# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1519** **03.12.2018-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി ഫ്ലാറ്റ് നിർമ്മാണം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ ശ്രീ കുറുമ്പാ ഭഗവതി ക്ഷേത്ര ഭരണ സമിതിയുടെ കൈവശമുള്ള രണ്ടേക്കറോളം ഭൂമി സൗജന്യമായി ഫിഷറീസ് വകുപ്പിന് വീട് നിർമ്മാണത്തിന് വിട്ടുനൽകികൊണ്ടുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ ശ്രീ കുറുമ്പാ ഭഗവതി ക്ഷേത്രഭരണസമിതിയുടെ കൈവശമുള്ള ഭൂമി ഫിഷറീസ് വകുപ്പിന് വീട് നിർമ്മാണത്തിനായി വിട്ടു നൽകാൻ സമ്മതമറിയിച്ചതിനെ തുടർന്ന് മത്സ്യത്തൊഴിലാളി ഭവന നിർമ്മാണത്തിനായി രൂപീകരിച്ച ജില്ലാതല ലാന്റ് അപ്രൈസൽ കമ്മിറ്റി സ്ഥലം സന്ദർശിക്കുകയും സ്ഥലം ചതുപ്പ് പ്രദേശമാണെന്നും പ്രസ്തുത സ്ഥലത്തേക്ക് റോഡ് സൗകര്യം ലഭ്യമല്ല എന്നും അറിയിച്ചിട്ടുണ്ട്. ബഹു. ഉദുമ എം.എൽ.എ ആവശ്യപ്പെട്ടത് പ്രകാരം ഈ വിഷയം സംബന്ധിച്ച് ചേർന്ന യോഗത്തിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ പങ്കെടുക്കുകയും പ്രസ്തുത സ്ഥലത്തേയ്ക്ക് റോഡ് സൗകര്യമില്ലാത്തതിനാൽ ലോറി കടന്നുവരുന്ന രീതിയിൽ കൺവേയൻസ് ഏർപ്പെടുത്തിയാൽ വീണ്ടും അപ്രൈസൽ കമ്മിറ്റിയെ കൊണ്ട് പരിശോധിപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ വിഷയം ചർച്ച ചെയ്യുന്നതിന് ഒരു അടിയന്തര യോഗം ഡിസംബർ ആദ്യവാരം വിളിച്ചു ചേർക്കുന്നതിന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറെ ചുമതല പ്പെടുത്തിയിട്ടുണ്ട്. |
| ബി) ബേക്കൽ ടൂറിസം ഡസ്റ്റിനേഷൻ ഏരിയയിൽപ്പെട്ട പ്രസ്തുത സ്ഥലത്ത് വലിയ തോതിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കെ സൗജന്യമായി വിട്ടുനൽകിയ ഈ സ്ഥലത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി ഫ്ലാറ്റ് നിർമ്മിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ? | ബി) ചതുപ്പ് പ്രദേശമായതും റോഡ് കൺവേയൻസ് ഇല്ലാത്തതും ഫ്ലാറ്റ് നിർമ്മാണത്തിന് തടസ്സം നിൽക്കുന്ന ഘടകങ്ങളാണ്. |

സെക്ഷൻ ആഫീസർ